# സമ്മേളനം

റാന്നി : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിലയ്ക്കൽ ഭദ്രാസന മാനവശാക്തീകരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2013, 2014, 2015 വർഷങ്ങളിൽ ICON സ്കോളർഷിപ്പിന് അർഹരായ 200-ഓളം വിദ്യാർത്ഥികളുടെ സംയുക്ത സമ്മേളനം മെയ് 22-ന് ഞായറാഴ്ച 2 മണി മുതൽ റാന്നി, സെന്റ് തോമസ് അരമനയിൽ വച്ച് നടത്തപ്പെടും. നിലയ്ക്കൽ ഭദ്രാസന മാനവശാക്തീകരണ വിഭാഗം ഡയറക്ടർ റവ.ഫാ.സൈമൺ വർഗീസിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനം അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും. ‘‘ആരോഗ്യവും വിദ്യാഭ്യാസവും’’ എന്ന വിഷയം ആസ്പദമാക്കി ശ്രീമതി നാൻസി വർഗീസ് ക്ലാസ്സ് നയിക്കും. ഭദ്രാസന സെക്രട്ടറി റവ.ഫാ.ഷൈജു കുര്യൻ, പ്രൊഫ.പി.എ.ഉമ്മൻ, ശ്രീ.വി.പി.മാത്യു, പ്രൊഫ.ജെസ്സോ ആനി മാത്യു, അഡ്വ.നോബിൻ അലക്സ് സഖറിയ തുടങ്ങിയവർ പ്രസംഗിക്കും.